## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1186.

02-05-2017 ൽ മറുപടിയ്ക്ക്

## നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.മുല്ലക്കര രത്നാകരൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) | നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:-<br>**1.സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**4.പാടശേഖരസമിതികളുടെ** |

**പ്രവർത്തന ചെലവിനായുളള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ (പരമാവധി 50,000 രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008- ഡാറ്റാബാങ്ക് വാലിഡേഷൻ** കെ.എസ്.ആർ.ഇ.സി. യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2017-2018 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**6. കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**7. തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക്** ഈ വർഷം ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000/- രൂപ കർഷകനും 5000/- രൂപ ഭൂ ഉടമയ്ക്കുമായി) 887 ലക്ഷം രൂപയും 2016-2017 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായം (2900 ഹെ.) ഹെക്ടറിന് 7000/- (5800/- രൂപ കർഷകനും 1200/- രൂപ ഭൂ ഉടമയ്ക്കും) നിരക്കിൽ നൽകുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്**

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഏറ്റവും നല്ല പ്രോജക്ടടിസ്ഥാന നഗരപ്രദേശ നെൽകൃഷി എന്നിവയ്ക്കായി അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ

| | | | |
|---|---|---|---|
| | | | വകയിരുത്തിയിട്ടുണ്ട്.<br>**9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം.**<br>ഹെക്ടറിന് 10000/- രൂപ ധനസഹായനിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.<br>**10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം**<br>ഇതിലേക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.**<br>ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി 5746.092 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ